# പീഡനം

മദ്യം കഴിച്ചെത്തുന്ന ദിവസങ്ങളിൽ പ്രമോദ് ഉറക്കത്തിനു മുൻപ് ഭക്ഷണത്തിനുശേഷം രണ്ടോ മൂന്നോ സിഗരറ്റ് വലിക്കുന്നതുകാണാം. അതിലൊന്നും തന്നെ ഒരു അസഹ്യതയും വിനോദിനി കാണിച്ചിട്ടില്ല

എല്ലാവരും തന്നെ
പടിയിറങ്ങിയിരിക്കുന്നു. ഒടുവിൽ പ്രമോദിന്റെ അച്ചനും അമ്മയും;രണ്ടു ദിവസവും കൂടിനില്ക്കാൻ അവൾ പറഞ്ഞതാണ്. പക്ഷേ അച്ഛൻ ലോസ് ഓഫ് പേയിലാണ്. അച്ഛന് പ്രായമായിരിയ്ക്കുന്നു, അസുഖങ്ങൾ ഏറുകയും ഹോസ്പ്പിറ്റൽ വാസം കൂടുകയും ശ്രാദ്ധചടങ്ങുകൾ കഴിഞ്ഞയുടനെ ഓരോരുത്തരായി പടിയിറങ്ങുകയായി. യാത്രപറഞ്ഞും പറയാതെയും.

ചെറിയ ഗെയിറ്റ് കടന്നുകഴിയുമ്പോഴേക്കും എല്ലാവ
രും അപ്രത്യക്ഷപ്പെടുന്നതായി വിനോദിനി ഇപ്പോൾ മാത്രമാണ് ശ്രദ്ധിച്ചത്. മതിലിന് ഒരാളിൽ കൂടുതൽ ഉയരമുണ്ട്. ഒരു നിമിഷം മറ്റെല്ലാം മറന്നവൾ അടുത്തടുത്തുള്ള ക്വാർട്ടേഴ്സ് കെട്ടിടങ്ങളെല്ലാം ശ്രദ്ധിച്ചു. എല്ലാറ്റിന്റേയും മതിലുകൾ വളരെ ഉയർന്നതു തന്നെയാണ് നിലത്തു നിന്നാൽ പരസ്പരം കാണാൻ കഴിയാത്ത അത്രയും ഉയരത്തിൽ. മതിലിന് ഉയരം കൂടുന്തോറും ബന്ധങ്ങളുടെ കണ്ണികളും അകലുകയാണ്, അറ്റുപോവുകയാണ്. ഓരോ വീടിനും പുറം ലോകവുമായിട്ടുള്ള ബന്ധം മുൻ വശത്തുള്ള ആ ചെറിയ ഒരു ഗെയിറ്റുവഴി മാത്രമായിരിക്കുന്നു.

അടുത്ത ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നത് ആരോക്കെയാണെന്നോ, അവർക്കൊക്കെ എത്ര മക്കൾ വീതമുണ്ടെന്നോ, ഒന്നും
വിനോദിനിക്കറിയില്ലാതായിരിക്കുന്നു. ക്വാർട്ടേഴ്സിന്റെ വഴിയിലൂടെ നടക്കുമ്പോൾ ആരെയെങ്കിലും കണ്ടാൽ ഒന്നു ചിരിയ്ക്കുക മാത്രമാണിന്നത്തെ ചടങ്ങ്.

ജോലികഴിഞ്ഞെത്തിഅത്യാവശ്യംവീട്ടുജോലികൾചെയ്തുതീർ
ത്താൽ; അതും വളരെക്കുറച്ച്, വല്ലപ്പോഴുമെ ചെയ്യാനുണ്ടാകാറുള്ളു, വളരെ അകന്നബന്ധുവായ, അനാഥയായ ഭാനുഅമ്മായിയെ കിട്ടിയതിൽ പിന്നെ; ടി.വിയുടെ മുന്നിലാണ് ശേഷം സമയം മുഴുവൻ. ചാനലുകൾവഴി

അലഞ്ഞുനടക്കും, എങ്കിലും ഇഷ്ടം കൂടുതൽ മലയാളം ചാനലുകളിലെ സീരിയലുകളോടാണ്.

ഒരേസമയത്തുതന്നെയാണ് പ്രമോദിനും ജോലികഴിയുന്നത്. പക്ഷേ, പ്രമോദ് വീട്ടിലെത്താൽ വളരെ വൈകും. അയാൾക്ക് ഉയർന്ന മതിലുകളെ ഭയമാണ്, വെറുപ്പാണ്. വിശാലമായ ലോകത്തിന്റെ തെന്നലുകളും മണങ്ങളുംമാണിഷ്ടം.

എവിടെയായിരുന്നു വെന്ന് തിരക്കിയാൽ ക്വാർട്ടേഴ്സിന്റെ റിക്രിയേഷൻ ക്ലബിലാണെന്നാണ് എന്നും മറുപടി. കുറെ നേരത്തെ റമ്മികളി, ചെസ്സ്കളി, കാരംസ്സ് കളികളൊക്കെയായിട്ട്.

വല്ലപ്പോഴും, പ്രമോദ് വരുമ്പോൾ ശ്വാസത്തിന് മദ്യത്തിന്റെ മണം ഉണ്ടാകാറുണ്ട്. അന്ന് എതെങ്കിലും സ്നേഹിതന്റെ മകന്റെ അല്ലെങ്കിൽ മകളുടെ ബെർത്തടെയുണ്ടാകും; അതുമല്ലെങ്കിൽ ഹൗസ് വാമിംഗ് ആകാം, സന്തോഷത്തിനായൊരു കമ്പനിയുമാകാം

ചെയ്തിരിക്കുന്നു. ഇനിയും ഒരു മകളുകൂടിയുണ്ട് വിവാഹം ചെയ്തയക്കാൻ.

അവരെയും മതില് മറയ്ക്കുന്നത് വിനോദിനി കണ്ടു.

അവളുടെ കണ്ണുകൾ നിറയുന്നു, ഉള്ളിൽ വിങ്ങൽ ഏറുന്നു. പിടിച്ചുനില്ക്കാനാവാതെ കൈക്കുമ്പിളിൽമുഖം പൂഴ്ത്തിസാവാധാനം കസേരയിൽ ഇരുന്നപ്പോൾ പുറത്ത് ഒരു നേർത്ത സ്പർശനം. തലഉയർത്തി നോക്കി, ദേഹത്തോടുചേർന്നുമകൾ. ഇനിയും തോരാത്ത,അനുവിന്റെ മുടിയുടെ തണുപ്പ് ദേഹത്ത് തട്ടുന്നു

മകളെ അവൾ നോക്കിയിരുന്നു; മിഡിയിൽ, ടോപ്പിൽ,മകൾ വളർന്നിരിക്കുന്നു. കണ്ണുകളിൽ തിളക്കം ഏറിയിരിക്കുന്നു, മാറിൽ പൂമൊട്ടുകൾ കുമ്പിയിരിക്കുന്നു; മിഡിയ്ക്കുതാഴെ നഗ്നമായ കാലുകൾക്ക് മിനുപ്പ് കൂടിയിരിക്കുന്നു.

വിനോദിനി മകളെ മാറോട്ടുചേർത്തുനിറുത്തി. സ്വന്തം കണ്ണുകളിലെനീർ തുടച്ചു ഇനിയും കരയരുത്; കരയുന്നത് വിഡ്ഢിത്തമാണ്:

പതിനഞ്ചുവർഷങ്ങൾ ക്കുമുമ്പാണ് ഈ ക്വാർട്ടേഴ്സിന്റെ പടികൾ കയറുന്നത് പ്രമോദുമായിട്ട്.

പൊതുമേഖലാസ്ഥാപനത്തിലെ സ്റ്റനോ അയിട്ട് വ്യവസായ നഗരത്തിലെത്തുമ്പോൾ വിനോദിനിക്കെന്നും അത്ഭുതങ്ങളായിരുന്നു. നഗരവീഥിയിലെ തിരക്കുകളും,ജനസമൂഹത്തിന്റെ ജീവിതരീതികളും, ഇടപഴകലുകളും ആശ്ചര്യത്തോടയെ കാണാൻ കഴിഞ്ഞിരുന്നുള്ളൂ. ഹോസ്റ്റൽ വാസവും റൂമേറ്റിന്റെ അനുഭവകഥകളും പുതുമകളെ അറിയിക്കുകയായിരുന്നു

കണക്കുക്കൂട്ടലുകളിലൂടെ, ജീവിത യാഥാർത്ഥ്യങ്ങളെ എങ്ങിനെ നേരിടണമെന്ന് സഹപ്രവർത്തകർ പറഞ്ഞു മനസ്സിലാക്കുകയും പ്രലോഭിക്കപ്പെടുകയും ചെയ്തതിന്റെ അന്തിമഫലമായിട്ടാണ് സഹപ്രവർത്തകനായ, അക്കൗണ്ട് സെക്ഷനിലെ പ്രമോദിനെ ജീവിത സഖാവായിട്ട് തെരഞ്ഞെടുത്തത്. തികച്ചുംപ്രായോഗികമായ തെരഞ്ഞെടുപ്പിനെ കിഴക്കൻ മലഞ്ചെരുവിലെ കൃഷിക്കാരനായ അച്ഛനും മൂന്നു സഹോദരങ്ങളും അനുകൂലിക്കുകയും ചെയ്തു.

വിവാഹദിനം കഴിഞ്ഞ് മൂന്നു മാസത്തിനുള്ളിൽ ക്വാർട്ടേഴ്സിൽ വാസം തുടങ്ങിയപ്പോൾ സ്വപ്നങ്ങൾക്ക് ആയിരമായിരം വർണ്ണങ്ങളും ചിറകുകളുമുണ്ടായി.......

പക്ഷേ, അന്നൊന്നും ഒരാളേക്കാൾ ഉയരമുള്ള മതിലുകളെ അവൾ ശ്രദ്ധിച്ചില്ല. കൂടുതൽ ബന്ധങ്ങളില്ലാതെ ബാദ്ധ്യതകളില്ലാതെ ഒതുങ്ങിക്കഴിയുന്നതിലുള്ള സുഖവും സന്തോഷവും അനുഭവിക്കുകയും ചെയ്തു.

ഇന്നവളാ മതിലുകളെ വെറുക്കുന്നു. ആ മതിലുകളാണ് പ്രമോദിന്റെ മാർഗ്ഗങ്ങളെ, നടത്തകളെ അവളിൽ നിന്നും മറച്ചുപിടിച്ചിരുന്നതെന്ന അറിവിൽ.......

തന്റെ ദേഹത്തോട് ഒട്ടിനിന്നിരുന്ന മകളെ അവൾ ചേർത്തുനിറുത്തി..........

മകളെ ചേർത്തു നിർത്തിയപ്പോഴാണ് അവൾ കാണുന്നത്, മകൾക്ക് തന്നെക്കാൾ ഉയരം വച്ചിരിയ്ക്കുന്നു, ഇനിയും ഈ ക്വാർട്ടേഴ്സിൽ കഴിഞ്ഞതിന്റെ പകുതിവർഷങ്ങൾക്കു മുമ്പു തന്നെ മകളെ സുരക്ഷിതമായൊരു ഇടത്തിലെത്തിക്കേണ്ടിയിരിക്കുന്നു വെന്ന്.

പക്ഷെ,

അവൾക്ക് നിസ്സഹായ ആണെന്നൊരു തോന്നൽ, കൈ കൾക്ക്, ഉടലിന് ശക്തികുറവാണെന്നൊരു ധാരണ.........

അഭിശപ്തമായ ആ ഒറ്റ ദിവസം; ആ ദിവസത്തെ ഏതാനും നിമിഷങ്ങൾ...........

ആ നിമിഷങ്ങളെ സൃഷ്ടിയ്ക്കാനായിട്ട് തലേന്ന് രാത്രിയിൽ ഏറ്റ മാനസികപീഡനങ്ങൾ........

അന്ന് പ്രമോദ് വീട്ടിലെത്തിയത് പാതിരയോടടുത്ത സമയത്തായിരുന്നു . മദ്യത്തിന്റെ ഗന്ധം കുറച്ചധികമായിരുന്നു. നാലു സ്നേഹിതരുണ്ടായിരുന്നു. മൂന്നുപേർ തന്റെ സഹപ്രവർത്തകർ കൂടിയായിരുന്നു. അപരിചിതർ യൂണിയന്റെ പ്രവർത്തകനാണെന്നാണ് പറഞ്ഞത്.

പക്ഷെ, അവർ പറഞ്ഞതൊന്നും കൃത്യമായി ഗ്രഹിയ ക്കാനായില്ല.

ജീ. കെ. നായർ, എം ഡി ക്രൂരനാണ് യൂണിയന്റെ പ്രവർത്തനങ്ങളെ തികഞ്ഞൊരു ഫാസിസ്റ്റിനെപ്പോലെ കെട്ടുത്തിക്കളയുവാൻ തുടങ്ങുകയാണ് പ്രധാന യൂണിയൻ നേതാക്കൾക്ക്മെമ്മോ കൊടുത്തുകൊണ്ടിരിക്കുകയാണ്, യൂണിയന്റെ ഒരു പ്രധാന പ്രവർത്തകനായ പ്രമോദിനെ തളയാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സ്റ്റോറിൽ കൃത്രിമങ്ങൾകാണിച്ചുവെന്ന് കള്ളക്കേസ് ഉണ്ടാക്കാനാണ് ശ്രമം. (പ്രമോദ് പ്രമോഷൻ വഴി സ്റ്റോർകീപ്പറായിട്ട് ഒരു വർഷംതികയുന്നതേയുള്ളൂ.) ഒരു പക്ഷേ, അതുവഴി പ്രമോദിന്റെ ജോലി തന്നെ നഷ്ടമാകാൻ സാധ്യതയുണ്ട്, ശിക്ഷയും കിട്ടാം..... എങ്ങിനെയും അവനെ നമുക്ക് ഒതുക്കണം, എംഡിയെ, ജീ കെ നായരെ.....

അതായിരുന്നു സാരം.

പക്ഷെ, വിശ്വസിയ്ക്കാനേ കഴിഞ്ഞില്ല. ജീ കെ നായരെ അവരെക്കാൾ എനിക്കറിയാമായിരുന്നു. രണ്ടുവർഷമായി ജീ കെ നായരുടെ പേഴ്സനൽ സ്റ്റെനോ ആയിട്ട്..... നിഷ്ക്കളങ്കമായ ആ മുഖത്തിന് പിറകിൽ, ജ്വലിയ്ക്കുന്ന ആ കണ്ണുകൾ ക്കുള്ളിൽ, സദാസമയവും കാണുന്ന വശ്യമായ പുഞ്ചിരിയ്ക്കു പിന്നിൽ ........ ഇല്ല, ഒരിക്കലും അത്രയും ക്രൂരനായ ഒരുവ്യക്തിയുണ്ടാവില്ല....... നിങ്ങൾ പറയുന്നത് ശരിയാണെങ്കിൽ....... മറ്റാരോ ആണ് അതിനുപിന്നിൽ കളിക്കുന്നത്...... നോ.....നോ..... നായർസാറിന് അതിനു കഴിയില്ല..........പ്രമോദ്........

പ്രമോദ് പൊട്ടിച്ചീറുകയായിരുന്നു......... ചേരിയിലെ ഒരു ഭർത്താവിനെപ്പോലെ സ്വന്തം ഭാര്യയെ മറ്റുള്ളവർക്ക് മുന്നിൽ വച്ച്..........

പ്രമോദിന്റെ ആ വാക്കുകൾ ഇപ്പോഴും പെരുമ്പറപോലെ ചെവികളിൽ അലയ്ക്കുന്നു........

........ നിനക്കും അവനും തമ്മിലെന്താടീ ബന്ധം ........ അവനെപ്പറ്റി പറയുമ്പോൾ നീ ഇത്ര ചൊടിക്കുന്നത്....... അപ്പോ..... ഏസി മുറിയിൽകയറിയിരുന്ന് നിനക്കതാണോടി പണി.....

കണ്ണുകളടച്ച്, കാതുകൾ പൊത്തി പ്രമോദിന്റെ മുന്നിൽ, കാൽക്കൽ നിലത്ത് കുത്തിയിരുന്നു.......

പിന്നീടവർ തന്നെ ഇൻഫർമേഷൻ പ്രകാരം, അല്പം പോലും വീഴ്ചവരുത്താതെ ചെയ്യുകയായിരുന്നു.

പിറ്റേന്ന്,

പീഡനങ്ങളേറ്റ്, ഉറങ്ങാൻ കഴിയാതെ മരവിച്ചുപോയിരുന്നൊരുമനസ്സായിരുന്നു.

പലപ്രാവശ്യം സോപ്പുപതപ്പിച്ച് കഴുകികളഞ്ഞിട്ടും ശരീരം വൃത്തിയായില്ലെന്ന് തോന്നലായിരുന്നു. പലവസ്ത്രങ്ങൾ മാറ്റിയുടുത്തിട്ടും ഭംഗിയായില്ലെന്ന തോന്നലായിരുന്നു.

സഹപ്രവർത്തകർ ചോദിക്കുകകൂടി ചെയ്തതാണ് എന്തുപറ്റിയെന്ന് ചുണ്ടിൽ ഒരു ചിരിവരുത്തുകമാത്രമാണ് ചെയ്ത് ........

എംഡിയുടെ മുറിയിൽ വച്ച് പതിനഞ്ചുമിനിട്ട് നീണ്ട ഒരു ഡിക്റ്റേഷൻ .......... ഉച്ചക്ക് മുമ്പു തന്നെ ഡിക്റ്റേഷൻ കഴിഞ്ഞ് പുറത്തിറങ്ങി, അടഞ്ഞവാതില്ക്കൽ തളർന്നു നിന്നു, മുഖം കലുഷമായിരുന്നു, മുടിയും വസ്ത്രവും അലങ്കോലമായിരുന്നു.

ആദ്യം കണ്ട ആൾ പ്യൂൺ ദാമോദരനായിരുന്നു. അയളോടുതന്നെ പറഞ്ഞു.

അയാളെന്നെ ...... ജി കെ നായർ എന്നെ..... മേശക്ക് അപ്പുറത്ത് എഴുന്നേറ്റ് നിന്ന്, മുഖം കൈകളിൽ എടുത്ത് എന്റെ ചുണ്ടുകളിൽ........

പൊട്ടിക്കരഞ്ഞുകൊണ്ട് തന്നെ സഹപ്രവർത്തകരുടെ നടുവിലേക്ക് ഓടിയെത്തി. ചുറ്റും കൂടിയ പത്തോ ഇരുപ തോ സ്ത്രീ പുരുഷന്മാർക്ക് മുന്നിൽവച്ച് വിളിച്ചുപറഞ്ഞു.

അയാളെന്നെ പീഡിപ്പിക്കയായിരുന്നു. ...... വളരെ നാളുകളായിട്ട്......... ശാരീരികമായിട്ട്........ എല്ലാം സഹിക്കുകയായിരുന്നു........... ഒരു സ്ത്രീയായതുകൊണ്ട്മാത്രം......... മടുത്തു.......

അത്രയധികം പ്രകോപനങ്ങളില്ലാതെ ഒഴുകിയെത്തിയിരുന്ന അരുവിപെട്ടന്ന് താഴേയ്ക്ക് കുത്തി ഒലിക്കുകയായിരുന്നു. അതോടൊപ്പം ഒലിച്ചുകൊണ്ടിരുന്ന ഒരു പൊങ്ങുതടിയും.......

ശക്തിയായ വീഴ്ചയിൽ പൊങ്ങുതടിയുടെ കുറെ ഭാഗങ്ങൾ  തകർന്നു പോകുകയും അതിന്റെ സ്വതസിദ്ധമായിരുന്ന രൂപം നഷ്ടമാവുകയും ചെയ്തു.

ശേഷം വളഞ്ഞ്പുളഞ്ഞ് ഇരുവശത്തുമുള്ള കരയിൽ തട്ടി, പാറകളിൽ, പാറമടക്കുകളിൽ തടഞ്ഞ്നിന്ന്, വീണ്ടും ഒഴുകിക്കൊണ്ടിരുന്നു, താഴേയ്ക്ക്.......

വിനോദിനി ആ പൊങ്ങുതടിപോലെയായിരുന്നു.

നൂറുകണക്കിന് കണ്ണുകൾക്ക് മുന്നിൽ, അന്വേഷണ കമ്മീഷന്റെ മുന്നിൽ......

വിശ്വാസ്യതപോരാഞ്ഞ് മറ്റൊരു അന്വേഷണക്കമ്മീഷനുമുന്നിൽ.......

ആരോപണത്തിന്റെ പേരിൽ, വീണ്ടുമൊരന്വേഷണക്കമ്മീഷന്റെ മുന്നിൽ....

ആയിരമായിരം ചോദ്യങ്ങൾക്ക് ഉത്തരമായി.......

അംഗപ്രത്യംഗ വിശദീകരണങ്ങൾ കൊടുത്തുകൊണ്ട്, പീഡനമെങ്കിലും ജി. കെ നായരുടെ സ്പർശനത്താൽ അനുഭവിച്ചത് സുഖമോ ദു:ഖമോ എന്നുവിശദീകരിച്ചുകൊണ്ട്, പ്രമോദിന്റെ സാമിപ്യമോ ജി കെ നായരുടെ സാമിപ്യമോ കൂടുതൽ  അഭികാമ്യമെന്ന് വ്യക്തമാക്കിക്കൊണ്ട്, ഒരു സ്ത്രീയെന്ന പേരിൽ ആരെയാണ് കൂടുതൽ പ്രിയമെന്ന്.......

ഏഴോ,എട്ടോ മാസങ്ങൾക്ക് ശേഷം, കമ്മിഷൻ, മേലധികാരികൾക്ക് കൊടുത്ത വിശദീകരണത്തിനൊടുവിൽ എഴുതി:

വിഭ്രാന്തിയാലോ, പ്രേരണയാലോ വിനോദിനിക്ക് ഉണ്ടായ തോന്നൽ മാത്രമാണ് ഈ പീഡനകഥ. ജീ.കെ. നായർ നിരപരാധിയും, നിഷ്കളങ്കനും, മാന്യനുമായ വ്യക്തിയാണ്. അദ്ദേഹത്തിന്റെ പേരിലുണ്ടായ ഈ ആരോപണത്തിന്റെ പിന്നിൽ പ്രവർത്തിച്ച ശക്തികളെ കണ്ടെത്തേണ്ടതും ശിക്ഷിക്കേണ്ടതുമാണ്..............

വിനോദിനി വീണ്ടും കരക്കടുത്തിരിയ്ക്കുന്നു.

തീരത്തിന്റെ ഉറപ്പുള്ള മണ്ണിൽ ചവിട്ടി അവൾ കരയിൽ കയറിനിന്നു, തിരിഞ്ഞുനോക്കിയപ്പോൾ അരുവി വീണ്ടും ഒഴുകിയകലുകയാണ്........

അവളുടെ കണ്ണുകൾ തെളിയുകയാണ്, മനസ്സ് ഉണരുകയാണ്. ശരീര ധമനികളിൽ പുതുരക്തം നിറയുകയാണ്.

അവൾക്ക് അടുത്ത ക്വർട്ടേഴ്സുകളിൽ താമസിക്കുന്നവരെ കാണണമെന്നു തോന്നി. മതിലിനടുത്തെത്തിയപ്പോഴാണ് അതുവഴികാണാനാവില്ലെന്ന് ഓർത്തത്. അവൾ ഗെയിറ്റുവഴി പുറത്തേക്കുവന്നു. അടുത്തുള്ള ക്വാർട്ടേഴ്സുകളിൽ, എല്ലായിടത്തും വിശേഷങ്ങൾ തിരക്കി, അന്വേഷണങ്ങൾ പറഞ്ഞു.........

പക്ഷെ, ചില നാവുകളിൽ നിന്നും വരുന്ന വാർത്തകൾ അവളെ നടുക്കിക്കൊണ്ടിരുന്നു.

പ്രമോദിനെപ്പററി.............

സ്റ്റോറിൽ നിന്നുംകാണാതായ വസ്തുക്കളെപ്പറ്റി, അതിന്റെ ലക്ഷക്കണക്കിനുള്ള വിലയെപ്പറ്റി, വിജിലൻസ് അന്വേഷണത്തെപ്പറ്റി.........

പക്ഷെ, പ്രമോദിന് ഇത്ര അധികം പണത്തിന്റെ ആവശ്യ മെന്താണ്.........വിവാഹശേഷം തന്റെ വരുമാനത്തിൽ അത്യാ വശ്യം ചെലവുകൾ കഴിഞ്ഞുള്ള തുകയും പ്രമോദിന്റെ പക്കൽ തന്നെയാണ് ഏല്പ്പിച്ചിരുന്നത്. അടുത്ത ബന്ധുക്കളെപ്പോലും അകമഴിഞ്ഞ് സഹായിക്കുന്നതായി അറിവുമില്ല. പിന്നീട് എന്തിനുവേണ്ടിയാണീ പണമൊക്കെ ചെലവഴിച്ചത്...........

വിനോദിനി ഒരു കാര്യം അറിയുകയാണ്; ഒറ്റക്കാര്യം മാത്രം

വിനോദിനിക്ക് ഒന്നുമറിയില്ലെന്ന്.........

വിനോദിനി ഒരാളിൽക്കൂടുതൽ ഉയരമുള്ള മതിലുകൾക്കുള്ളിലായിരുന്നെന്ന്.........

പക്ഷെ, പ്രമോദ് ......

റിക്രിയേഷൻ ക്ലബിന്റെ വരാന്തയിൽ.... ഉറുമ്പുകൾ ചാലുവച്ചുതീരുന്നിടത്ത്, വായിൽ നിന്നും നുരയും പതയുമൊഴുകി.....ഒഴിഞ്ഞ മദ്യ ക്കുപ്പിയോടും ഗ്ലാസ്സിനോടുമൊപ്പം ചെറിയൊരു വിഷ ബോട്ടിലുമായിട്ട്.......

വിനോദിനി ജനാലവഴി പുറത്തേക്ക് നോക്കിയിരുന്ന അവളുടെ കണ്ണുകളുടെ ദൂരക്കാഴ്ചയെ മതിലുകൾ മറയ്ക്കുകയാണ്.